# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

2017 ഫെബ്രുവരി മാസത്തിൽ നടന്ന സർവ്വകലാശാല കലോത്സവത്തിലെ വിജയികൾക്ക് ഗ്രേസ് മാർക്കിന് അപേക്ഷിക്കുവാനുള്ള തീയതി, 2017 ജൂലൈ 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

## അക്കാദമിക് എ VIII സെക്ഷൻ

നം.4049/എസി.എ VIII/01/2017 തീയതി, പി.ഡി.ഹിൽസ്, 03.07.2017

---

പരാമർശം:-1) 16.04.2016 തീയതിയിലെ 2180/01/എസി.എ VIII/2016 നമ്പർ സർവ്വകലാശാല ഉത്തരവ്.

2) ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസ് ഡയറക്ടറുടെ, 24.05.2017 തീയതിയിലെ ഡി.എസ്.എസ്/2/കലോത്സവം/2017 നമ്പരായ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം ഗ്രേസ് മാർക്കിനായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ബന്ധപ്പെട്ട അദ്ധ്യയന വർഷത്തിലെ അവസാന തീയതിയായ മെയ് 31 ആണ്.

കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ വച്ച് 2017 ഫെബ്രുവരി മാസം 20 മുതൽ 24 വരെ സംഘടിപ്പിച്ച കലോത്സവത്തിന്റെ (നൂപുര - 2017) മെറിറ്റ് സർട്ടിഫിക്കറ്റുകൾ റിസൾട്ടിലെ പിഴവുകൾ കാരണം വിതരണം ചെയ്യുവാൻ കാലതാമസം വന്നതിനാൽ ഇതിലെ വിജയികൾക്ക് ഗ്രേസ് മാർക്കിന് അപേക്ഷിക്കുവാനുള്ള അവസാന തീയതി 2017 മെയ് 31 ൽ നിന്നും ജൂലൈ 31 ലേക്ക് നീട്ടി നൽകണമെന്ന് സൂചന (2) പ്രകാരം ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

അഭ്യർത്ഥന പരിഗണിച്ച് ബഹു. വൈസ് ചാൻസലർ നൂപുര - 2017 ൽ പങ്കെടുത്ത് വിജയികളായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് അപേക്ഷിക്കുന്നതിനുള്ള തീയതി 2017 ജൂലൈ 31 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ. റ്റി.ബി
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്

1. വി.സി/പി.വി.സി യുടെ പി.എസ്.
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ.
3. എ.ആർ/ഡി.ആർ/ജെ.ആർ(അക്കാദമിക്/പരീക്ഷ).
4. ടാബുലേഷൻ സെക്ഷനുകൾ.
5. പി.ആർ.ഒ (പത്രക്കുറിപ്പ് ഇറക്കുന്നതിനായി).
6. കണ്ടന്റ് മാനേജ്മെന്റ് സെൽ (അപ്‌ലോഡ് ചെയ്യുന്നതിനായി).
7. റെക്കോർഡ്സ്.
8. ഡയറക്ടർ, ഡി.എസ്.എസ്.
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: Ac A VIII/01/GME/2017 (CBCSS VII/2/302/GME/2017)